

# പാപം ചെയ്യാത്തവരുടെ കല്ലുകൾ...



ജുബിൻ കൊച്ചുപുരയ്ക്കൻ

“ജോണീ.. സ്റ്റോപ്... സ്റ്റോപ് ദ് കാർ...”

അവൾ പറഞ്ഞു... റോഡിന്റെ ഓരം ചേർന്ന് കാർ നിന്നു, ഫാൽക്കൺ പ്രൊജക്ട്സ് എന്നെഴുതിയ തുരുമ്പിച്ച ബോർഡിനു മുമ്പിൽ. ആ മതിൽക്കെട്ടിനുള്ളിൽ പണിമുടങ്ങിപ്പോയൊരു ബഹുനിലക്കെട്ടിടം ശപ്തമായൊരു ഭൂതകാലത്തിന്റെ ഓർമ്മക്കുറിപ്പെന്നപോലെ തലയുയർത്തി നിൽപ്പുണ്ടായിരുന്നു. ജോൺസ് വിന്നിയുടെ മുഖത്തേക്കു നോക്കി. അവൾ പുറത്തേക്കു തന്നെ നോക്കിയിരിക്കുകയാണ്. മെല്ലെ ഡോർ തുറന്ന് അവൾ പുറത്തേക്കിറങ്ങി. ജോൺസിന്റെ ഓർമ്മകൾ വർത്തമാനകാലത്തിന്റെ പടിക്കെട്ടുകളിറങ്ങി പത്തുവർഷം പിന്നിലേക്കോടി.

ഒരു യൂത്ത് ക്യാമ്പിന്റെ പോസ്റ്ററിലേക്കാണ് മനസ്സു പാഞ്ഞത്. അഖിലകേരളാ ക്രൈസ്തവയുവജന ക്യാമ്പ്. ഒപ്പം യുവ സംഗീതജ്ഞരായ ജോൺസ് ചാക്കോയും റോബിൻ സാമുവലും നയിക്കുന്ന ആരാധനയുടെ നിമിഷങ്ങൾ. കേരളം കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും മികച്ച യുവജനസംഗമമെന്ന് പലരും പ്രകീർത്തിച്ച ആ ക്യാമ്പിന്റെ സമാപനദിവസത്തെ യോഗം തുടങ്ങുന്നതിനു തൊട്ടുമുമ്പാണ് വിടർന്ന കണ്ണുകളുള്ള ആ പെൺകുട്ടിയുമായി പാസ്റ്റർ വിൽസൺ അങ്ങോട്ടുവന്നത്.

“ജോൺസ്, ഇത് വിന്നി... ഞാൻ മുമ്പ് ഇരുന്ന ചർച്ചിലെ കുട്ടിയാണ്, നന്നായി പാടും... ഒരു പാട്ട് പുള്ളിക്കാരിക്ക് കൊടുക്കണേ...”

അത്ര കാര്യമായെടുത്തില്ലെങ്കിലും ഇൻട്രൊഡക്ഷൻ വായിച്ചു നിർത്തിയതും തന്നെ ഞെട്ടിച്ചുകൊണ്ട് അവൾ പാടി. ടീം ഒന്നടങ്കം മനസ്സറിഞ്ഞ് അവളെ പിന്തുണച്ചു. സദസ്സിന്റെ നിലയ്ക്കാത്ത കരഘോഷം മുഴങ്ങുമ്പോൾ സ്റ്റേജിൽ നിന്നിറങ്ങുന്നതിനിടെ മനസ്സുതുറന്ന് അവളെ ഒന്ന് അഭിനന്ദിക്കാൻ തോന്നി, ഹസ്തദാനം ചെയ്ത് അവളുടെ കണ്ണുകളിൽ നോക്കി താൻ പറഞ്ഞു.

“ഗ്രേറ്റ് ജോബ്, റിയലി... വിന്നീ, ഞെട്ടിച്ചുകളഞ്ഞു..”

എന്തുപറയണമെന്നറിയാതെ പുഞ്ചിരിച്ച അവളുടെ തണുത്ത വലംകൈയിൽ ഒന്നമർത്തി താനും ചിരിച്ചു. തിരികെ നടക്കും മുമ്പ് അവളെ വിളിച്ചത് റോബിനായിരുന്നു.

“ഇടയ്ക്ക്, പ്രോഗ്രാമിനൊക്കെ വിളിച്ചാൽ വരാൻ പറ്റുമോ..?”

തെല്ലൊന്നാലോചിച്ച് അവൾ പറഞ്ഞു.

“ശ്രമിക്കാം...”

തന്റെ പാട്ടുപുസ്തകത്തിൽ ഫോൺ നമ്പറുമെഴുതി അവൾ നടന്നകന്നു. പിന്നീട് ഹൃദയങ്ങളിൽ കുളിരു പെയ്യിക്കുന്ന ഫോൺസംഭാഷണങ്ങളുടെ രണ്ടറ്റങ്ങളിലായി ജീവിച്ചുതുടങ്ങി. അവളുടെ കുടുംബത്തിലുള്ളവർക്കും താൻ സുപരിചിതനായി. അവളുടെ പിതാവിനെ താനും പപ്പാ എന്നു വിളിച്ചുതുടങ്ങി. സഹോദരങ്ങൾ തനിക്ക് അന്യരല്ലാതായി. ജീവിതം മറ്റൊരു വഴിക്ക് തിരിഞ്ഞൊഴുകുന്നത് ആസ്വദിക്കുകയായിരുന്നു താൻ. ഒരു പെണ്ണു കടന്നുവന്നത് ഏതൊക്കെയോ രീതിയിൽ തന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നുണ്ടെന്നും മനസ്സിലായിത്തുടങ്ങി. പക്ഷേ കൗമാരം കഴിഞ്ഞ് യൗവനത്തിലേക്ക് കാലൂന്നുന്ന ഒരു പെണ്ണിന്റെ മനസ്സ് എത്രത്തോളം ചപലമായിരിക്കുമെന്ന് തിരിച്ചറിയാൻ കഴിയാതെപോയി. ഒരുവർഷം കടന്നുപോയതറിഞ്ഞില്ല.

## പാപം ചെയ്യാത്തവരുടെ കല്ലുകൾ

പ്രണയമെന്നൊരു നീർക്കുമിളയ്ക്കുള്ളിലിരുന്ന് അതിന്റെ നനുത്ത ആവരണത്തിൽ മിന്നിമായുന്ന വെയിൽച്ചിത്രങ്ങളെക്കാൾ ശബളമായ സ്വപ്നങ്ങൾ കണ്ടുതുടങ്ങിയ തനിക്ക് ഒട്ടും താങ്ങാനാവാത്ത ഒന്നായിരുന്നു അന്ന് സംഭവിച്ചത്. രാത്രി 11:55, തങ്ങളുടെ ബന്ധത്തിന്റെ ഒന്നാം വാർഷികമാകാൻ ഇനി ഏതാനും മിനിറ്റുകൾ മാത്രം. വിന്നിയുടെ ഫോൺ ഏതുനിമിഷവും വരാം. പെട്ടെന്ന് ഫോൺ ശബ്ദിച്ചു, പക്ഷേ കോൾ അല്ല മെസേജാണ്. വിന്നിയുടെ പേരിനു താഴെ അണിനിരന്ന അക്ഷരങ്ങൾ വായിച്ച് ഫോൺ കയ്യിലിരുന്നു വിറച്ചു.

“നമുക്ക് ഒന്നിച്ചു ജീവിക്കാനാവില്ല ജോൺസ്, എന്റെ കുടുംബം അത് സമ്മതിക്കില്ല. നമുക്കു പിരിയാം... എന്നെ ഒരിക്കലും ശപിക്കല്ലേ... ഗുഡ്ബൈ”

പിന്നീടൊരിക്കലും അവളുടെ ശബ്ദം ഫോണിൽ പോലും കേട്ടില്ല. അന്വേഷിച്ചുചെന്നപ്പോൾ അവളുടെ വീട്ടുകാരുടെ പ്രതികരണവും ഞെട്ടിക്കുന്നതായിരുന്നു. ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവനെപ്പോലെ തന്നെ അവർ പറഞ്ഞയച്ചു. ജീവിതത്തിന്റെ ഗാനം അപശ്രുതിയും അവതാളവും നിറഞ്ഞതായി മാറി. നിരാശയും, നഷ്ടബോധവും, വിഷാദവും പിടികൂടിയ നാളുകൾ. ഇത്തവണ അപ്പനാണ് രക്ഷയ്ക്കെത്തിയത്. അപ്പന്റെ ഒരേയൊരു ഡയലോഗ്.

“പെണ്ണിന്റെ പുറകേ പോകുന്നവനല്ല, പെണ്ണുങ്ങൾ പുറകേ വരുന്നവനാകാൻ നോക്കെടാ...”

പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. നഷ്ടപ്രണയത്തിന്റെ കനലുകൾ ചാരംമൂടിക്കിടന്നെങ്കിലും അവയെ ഉണർത്താതെ ദൈവാശ്രയത്തോടെ ജീവിക്കാൻ ശ്രമിച്ചു. അപ്പന്റെ നിർബ്ബന്ധപ്രകാരമാണ് പോലീസിലേക്കുള്ള കായികക്ഷമതാപരിശോധനയ്ക്ക് പോയത്. അനേകർ സ്വപ്നം കാണുന്നൊരു ജോലി വലിയ അധ്വാനമൊന്നും കൂടാതെ ലഭിച്ചിട്ടും തന്റെ മനസ്സിലാകെ ഏതോ നഷ്ടത്തിന്റെ ഗന്ധം നിറഞ്ഞുനിന്നിരുന്നു. പിന്നെയും കാലം മാറി, ഡപ്യൂട്ടേഷനിൽ സ്പെഷ്യൽ ബ്രാഞ്ചിലെ നിയമനത്തിനു ശേഷം കൊച്ചിയിൽ വന്നപ്പോഴാണ് റോബിന്റെ കോൾ വരുന്നത്.

“നിന്റെ പഴയ കക്ഷി ഇപ്പോൾ കൊച്ചീലുണ്ട്. പക്ഷേ ആളങ്ങു മാറിപ്പോയെന്നാ കേട്ടത്...”

ഹൃദയത്തിന്റെ അടിത്തട്ടിലെവിടെ നിന്നോ എന്തോ ഒന്ന് നുരഞ്ഞുപൊങ്ങി. പക്ഷേ കേട്ട കഥകൾ അത്ര നല്ലതല്ലായിരുന്നതിനാൽ അവളെത്തേടിപ്പോകാൻ ധൈര്യം വന്നില്ല.

ഒരു ഡിസംബർ മാസത്തിലാണത് സംഭവിച്ചത്. പുതുവർഷത്തലേന്ന് പെട്ടെന്ന് ലഭിച്ച ഒരു അസൈൻമെന്റ്. ആന്റിനാർക്കോട്ടിക് സെല്ലിനെ ഒന്നു സഹായിക്കണം. നഗരത്തിലെ യുവത്വത്തെ ലഹരിയിലാഴ്ത്താനും നിയമവിരുദ്ധപ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കാനും ശ്രമിക്കുന്ന ലഹരിമരുന്നുസംഘങ്ങളെപ്പറ്റിയുള്ള അന്വേഷണം, ഒപ്പം അനാശാസ്യകേന്ദ്രങ്ങളെയും നേരിടണം. നഗരപ്രാന്തത്തിൽ പണിപൂർത്തിയായിക്കൊണ്ടിരിക്കെ കേസിൽപെട്ടുപോയ ഒരു ബഹുനിലക്കെട്ടിടം കേന്ദ്രീകരിച്ച് സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് രഹസ്യവിവരം ലഭിച്ചിട്ടാണ് നാർക്കോട്ടിക്സിലെ മേലുദ്യോഗസ്ഥൻ റഹീം സാറുമൊത്ത് ഒരു അണ്ടർകവർ ഓപ്പറേഷൻ പ്ലാൻ ചെയ്യുന്നത് . മിന്നൽ റെയ്ഡിൽ കെട്ടിടത്തിന്റെ നാലാം നിലയിൽ നിന്നും എട്ടു പേരെ പിടികൂടി. അഞ്ചുപേരും വിദ്യാർത്ഥികൾ. ബാക്കി മൂന്നുപേർ സ്ഥലകാലബോധമില്ലാത്തവിധം ലഹരിയുടെ കയങ്ങളിലെവിടെയോ സ്വയം നഷ്ടപ്പെട്ട് ഭിത്തിയിൽ ചാരിയിരിക്കുകയായിരുന്നു. അതിലൊന്ന് ഒരു പെൺകുട്ടിയായിരുന്നു. അവളെ വാഹനത്തിലേക്ക് കയറ്റുന്നതിനിടെയാണ് പതിഞ്ഞസ്വരത്തിൽ തന്നോടവൾ പറഞ്ഞത്.

“സർ... ഒരാൾ കൂടിയുണ്ട് ..... അവൾ.... അവൾ സിക്സ്ത് ഫ്ളോറിൽ കിടക്കുവാ...”

“പോയി നോക്കെടോ... ഉണ്ടെങ്കിൽ വിളിച്ചാൽ മതി, ഞാൻ കൂടി വരാം...”

റഹീം സർ പറഞ്ഞു. ആറാം ഫ്ളോറിലെത്തി മുറികളിൽ തിരഞ്ഞെങ്കിലും ആരെയും കണ്ടില്ല. മടങ്ങാനൊരുങ്ങുമ്പോഴാണ് ടോയ്ലെറ്റുകളിൽ കൂടി ഒന്നു നോക്കിയേക്കാമെന്ന് കരുതിയത്. കറുത്തൊരു തുണിക്കഷണം വാതിലിനു പുറത്തേക്ക് നീണ്ടുകിടപ്പുണ്ടായിരുന്നു. അകത്തേക്കു കയറിയപ്പോൾ കാണുന്നത് മേൽക്കൂരയിലേക്ക് ദൃഷ്ടിപതിപ്പിച്ച് കിടക്കുന്ന അവളെയാണ് കണ്ടത്... വിന്നി..! അവളുടെ വലിയ കണ്ണുകൾക്കു ചുറ്റും കരുവാളിപ്പ്... വിശാലമായ നെറ്റിത്തടത്തിൽ ഞരമ്പുകൾ പിടച്ചുനിന്നിരുന്നു. കാതുകളിൽ വലിയ

## പാപം ചെയ്യാത്തവരുടെ കല്ലുകൾ

ഇയർറിങ്ങുകൾ, അതിലൊരെണ്ണം പൊട്ടിയിരുന്നു. കൈത്തണ്ടയിൽ സൂചികയറിയ പാടുകൾ... തന്റെ സാന്നിധ്യം അവളറിഞ്ഞിട്ടുകൂടിയില്ല.

“ജോൺസ്, ആരേലുമുണ്ടോ അവിടെ..?”

വയർലെസിൽ റഹീംസാറിന്റെ ശബ്ദം. ഒരുനിമിഷം പകച്ചുനിന്നിട്ട് താൻ പറഞ്ഞു.

“നോ സർ... ആരുമില്ല, കമിങ്ങ് ബാക്ക്..”

“ഓക്കെ, ആ പെണ്ണ് വെറുതെ പിച്ചും പേയും പറഞ്ഞതായിരിക്കും. താനിങ്ങു പോര്...ഓവർ”

“ഓവർ ആൻഡ് ഔട്ട് സർ..”

പിടിയിലായവരുടെ കൂട്ടത്തിൽ അവളുമുണ്ടായിരുന്നെങ്കിൽ... ഹാഫ് ഡേ ലീവെടുത്തിട്ട് ആ കെട്ടിടത്തിലേക്ക് പാഞ്ഞു. ഒപ്പം റീനയെ വിളിച്ചു. ജേണലിസ്റ്റായ അവൾ കൂടെയുണ്ടെങ്കിൽ കാര്യങ്ങൾ എളുപ്പമാവും. റീന തന്റെ കാറുമായാണ് വന്നത്. തങ്ങളിരുവരും ചേർന്ന് ഫാൽക്കൺ ഗാർഡൻസിന്റെ ആറാം നിലയിലെത്തിയപ്പോഴേക്കും റീന തളർന്നിരുന്നു. വിന്നി കിടന്നിരുന്നിടത്തെത്തിയപ്പോൾ അവിടം ശൂന്യം...!

“ജോൺസ്... ഇവിടെയുണ്ട്...”

റീനയുടെ ശബ്ദം. ഓടിയെത്തുമ്പോൾ കൈവരി പോലുമില്ലാത്ത ബാൽക്കണിയിൽ ചക്രവാളത്തിലേക്ക് നോക്കിനിൽക്കുന്ന വിന്നിയെയും അവളുടെ കയ്യിൽ മുറുകെപ്പിടിച്ചിരിക്കുന്ന റീനയെയുമാണ് കാണുന്നത്. ഒരുനിമിഷം വൈകിയിരുന്നെങ്കിൽ... ഹോ ദൈവമേ.. ഓർക്കാൻ കൂടിവയ്യ.

ലൈഫ്ലൈൻ റീഹാബിലിറ്റേഷൻ സെന്ററിൽ മാസങ്ങൾ നീണ്ട വാസം... അവിടുത്തെ മദർ സുപ്പീരിയർ ബിയാട്രിസിനോട് കാര്യങ്ങളെല്ലാം പറഞ്ഞിരുന്നു. എങ്കിലും ചികിത്സാകാലത്ത് വിന്നിയെ സന്ദർശിക്കാതിരിക്കുന്നതാണ് നല്ലതെന്ന് അവർ പറഞ്ഞിരുന്നു. ഒടുവിലൊരു പെസഹാവ്യാഴാഴ്ച മദറിന്റെ കോൾ വന്നു.

“ജോൺസ്, വിന്നി നോർമലായിട്ടുണ്ട്... ഒന്നിവിടം വരെ വരുമെങ്കിൽ...”

വൈകുന്നേരമാണ് ലൈഫ്ലൈനിലെത്താൻ കഴിഞ്ഞത്. പെസഹാ ആചരണത്തിന്റെ സമയം. പ്രാർത്ഥനയും മറ്റും കഴിഞ്ഞ് മുറിച്ച പെസഹാ അപ്പവുമായി മദർ വന്നു. തനിക്കു നേരെ നീട്ടിയ ട്രേയിൽ നിന്നും തെല്ലു മടിച്ചാണെങ്കിലും ഒരുമുറി അപ്പമെടുത്ത് രുചിച്ചപ്പോൾ രണ്ടായിരത്തിൽപരം വർഷങ്ങൾക്കപ്പുറം നടന്നൊരു പെരുന്നാളിന്റെ കഥയോർത്തുപോയി. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ.

“ജോൺസ്, കുറച്ചുകാര്യങ്ങൾ കൂടി എനിക്കു പറയാനുണ്ട്, കഴിഞ്ഞയാഴ്ച വിന്നിക്ക് ഒരു മെഡിക്കൽ ചെക്കപ് ഉണ്ടായിരുന്നു. ഷീ ഇസ് ഓൾറൈറ്റ്, ബട്ട് ഒരു കാര്യം മനസ്സിലുണ്ടാവണം, ഷി ഈസ് സെക്ഷ്വലി എക്സ്പ്ലോയിറ്റഡ്, എന്തൊക്കെയോ കൊടിയ ലൈംഗികപീഢനങ്ങൾക്കിടയായ കുട്ടിയാണവൾ. അത് അവളുടെ ആരോഗ്യത്തെയും സന്താനോത്പാദനശേഷിയെയും കാര്യമായി ബാധിച്ചിട്ടുണ്ട്. വിഷമിക്കേണ്ട, നമുക്ക് ട്രീറ്റ്മെന്റ് കൊണ്ട് മാറ്റിയെടുക്കാവുന്നതേയുള്ളെന്ന് വിശ്വസിക്കാം... പിന്നെ, എല്ലാം അവിടുത്തെ കയ്യിലല്ലേ... എനിക്ക് മനസ്സിലാവാത്ത ഒരു കാര്യമുണ്ട്... ഇത്രയും കാലമായിട്ടും വിന്നിയെ അന്വേഷിച്ച് അവളുടെ വീട്ടിൽ നിന്ന് ആരും വരികയോ തിരക്കുകയോ ഒന്നും ചെയ്യാത്തതെന്താ...?”

തന്റെ മൗനം കണ്ട് മദർ ചിരിച്ചു. ഉത്തരമറിയാതെ കുഴങ്ങുന്ന ഒരു കുട്ടിയോടെന്നപോലെ അവർ തന്നോടായി പറഞ്ഞു.

“ജോൺസ് വിഷമിക്കേണ്ട, ഒരിക്കലും വിന്നി ഞങ്ങൾക്കൊരു ബാധ്യതയല്ല... അവളെ ഞങ്ങൾ പ്രൊട്ടക്റ്റ് ചെയ്തോളാം...”

പെട്ടെന്നെന്തോ ഉൾവിളിയാലെന്നോണം താൻ പറഞ്ഞു.

“മദർ, വിന്നി എനിക്കും ഒരു ബാധ്യതയല്ല... ഞാനവളെ നോക്കിക്കോളാം..”

കാറിനടുത്ത് കാത്തുനിൽക്കവെ മദർ വന്നു, വിന്നിയെയും കൂട്ടി. അവളുടെ മുഖത്താകെ നിർവികാരതയുടെ ശൂന്യതയായിരുന്നു. ആദ്യസമാഗമത്തിലെന്നപോലെ അവളുടെ വലിയ കണ്ണുകളുടെ നോട്ടം തന്റെ നേരെ

## പാപം ചെയ്യാത്തവരുടെ കല്ലുകൾ

വന്നെങ്കിലും ലക്ഷ്യം തെറ്റിയിട്ടെന്നപോലെ അവൾ മിഴികളെ മറ്റെങ്ങോട്ടോ പായിച്ചു. പിന്നെ മിണ്ടാതെ കാറിൽ കയറി. മദർ നിശ്ശബ്ദം കൈവീശി ഞങ്ങളെ യാത്രയാക്കി. നഗരത്തിലേക്കുള്ള റോഡിലൂടെ കാർ ഓടിക്കൊണ്ടിരുന്നു. എഫ്.എം റേഡിയോയിൽ പെസഹാ പ്രമാണിച്ച് സെഹിയോൻ മാളികയിലെ തിരുവത്താഴത്തെക്കുറിച്ചുള്ള ഗാനം പതിഞ്ഞ സ്വരത്തിൽ കേൾക്കാം. വിന്നി നിശബ്ദയായി പുറത്തേക്കു നോക്കിയിരിക്കുകയാണ്. മൗനത്തിന്റെ ചില്ലുകൂട് തകർക്കാൻ മനസ്സുവന്നില്ല. ബെഥേൽ ചർച്ച് എന്നെഴുതിയ ബോർഡിനു മുമ്പിൽ കാർ നിന്നു.

“ഞാനിപ്പോ വരാം, ഒന്നു വെയ്റ്റ് ചെയ്യണേ…”

അവൾ മെല്ലെ തലയാട്ടി.

വിന്നിയെ കാറിലിരുത്തിയിട്ട് മതിൽക്കെട്ടിനകത്തേക്ക് കയറിച്ചെല്ലുമ്പോൾ പാസ്റ്റർ വിൽസൺ പൂമുഖത്തു തന്നെ നിൽപ്പുണ്ടായിരുന്നു. അടുത്ത് സഭയിലെ പ്രമുഖരായ രണ്ടുപേർ കസേരയിലിരുപ്പുണ്ട്. എന്തോ സഭാകാര്യങ്ങൾ ചർച്ചചെയ്യുകയാണെന്ന് വ്യക്തം. ചുളിവുകളായും, വെള്ളിരേഖകളായുമൊക്കെ കാലം അദ്ദേഹത്തിന്റെ മുഖത്തും തന്റെ കയ്യൊപ്പ് പതിച്ചിരിക്കുന്നു.

“എന്തിയേ അവൾ..?”

ഗൗരവം വിടാതെയുള്ള ചോദ്യം

“കാറിലുണ്ട്… വിളിക്കട്ടെ..”

“വേണ്ട… ഇങ്ങോട്ടെങ്ങും വിളിക്കണ്ടാ…”

ഞെട്ടിപ്പോയി താൻ, ഇങ്ങേരെന്താ ഇങ്ങനെ…

“അതെന്താ പാസ്റ്റർ…?”

തന്റെ ചോദ്യം കേൾക്കുന്നതിനും മുമ്പേ അദ്ദേഹം മറുപടി പറഞ്ഞുതുടങ്ങിയിരുന്നു.

“കണ്ടിടത്തെല്ലാം കറങ്ങി നടന്ന് തോന്ന്യവാസം മുഴുവൻ കാണിച്ചിട്ട് പ്രാന്തും പിടിച്ച് നടക്കുന്നവർക്ക് വന്നു കേറാനുള്ള സ്ഥലമല്ല ഇത്… ഇതൊരു ചർച്ചാണ്..”

തന്റെ നോട്ടം ചർച്ചിന്റെ പാരപ്പെറ്റിലേക്കു ചെന്നു. അവിടെ ‘എന്റെ ആലയം സകലജാതികൾക്കും പ്രാർത്ഥനാലയം…’ എന്നെഴുതിയിരുന്നു. പക്ഷെ അതിന്റെ ബാക്കിയായി എവിടെ നിന്നോ ഒരു അശരീരി മുഴങ്ങി

“നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു…” ആഞ്ഞുവീശിയ ചമ്മട്ടിയെക്കാൾ മൂർച്ചയുണ്ടായിരുന്നു ആ വാക്കുകൾക്ക്… കർത്താവേ, നീയിതൊന്നും കാണുന്നില്ലേ…?

“ജോൺസ് വാ, കേറിയിരിക്ക്… ആലീസേ… പാലിരുപ്പുണ്ടേൽ ഓരോ ചായയെടുക്ക്…“

പാസ്റ്റർ വിൽസൺ നീട്ടി വിളിച്ചു.

”വേണ്ട പാസ്റ്ററേ… ഞാനിറങ്ങുവാ, പറഞ്ഞുവരുമ്പോൾ ഞാനും ഇവിടെ കേറിവരാൻ തക്ക യോഗ്യതയൊന്നുമുള്ളവനല്ല…“

പോകാനായി തിരിഞ്ഞു നടക്കുമ്പോൾ പാസ്റ്റർ പിന്നാലെ വന്നു. തന്റെ കയ്യിൽ പിടിച്ച് അദ്ദേഹം സ്വരം താഴ്ത്തിപ്പറഞ്ഞു.

”ഹ..! എന്താ ജോൺസേ ഈ പറയുന്നത്… അവളെ ഇങ്ങോട്ടു വിളിക്കണ്ടാന്നല്ലേ ഞാൻ പറഞ്ഞുള്ളൂ… ജോൺസിനു വരാല്ലോ..?“

അനുനയത്തിനുള്ള ശ്രമമാണെന്ന് മനസ്സിലായി, സിറ്റൗട്ടിലിരുന്നവരും പുറത്തേക്കിറങ്ങിവന്നു.

”എന്താ ജോൺസേ ഇത്.. നമ്മുടെ സഭയ്ക്ക് ചേരാത്ത ആളുകളെ എന്തിനാ ഇങ്ങോട്ടു കൊണ്ടുവരുന്നത്..? അതു നമ്മുടെ റെപ്യൂട്ടേഷനെ ബാധിക്കില്ലേ..?“

## പാപം ചെയ്യാത്തവരുടെ കല്ലുകൾ

സഭാസെക്രട്ടറിയായ ഗീവർഗീസ് പറഞ്ഞു. പിന്നാലെ വന്ന ഖജാൻജി ബിജുവും അതേറ്റുപിടിച്ചു.

"ഗീവർച്ചാൻ പറഞ്ഞതാ അതിന്റെ ശരി... സാക്ഷ്യമില്ലാതെ ദേശത്തു നടന്നവരെയൊന്നും ഇതിനകത്തു കേറ്റാൻ ഞങ്ങള് സമ്മതിക്കത്തില്ല..."

ഒരുനിമിഷം മൗനമായി നിന്നിട്ട് താൻ മറുപടി പറഞ്ഞു..

"സഭയുടെ റെപ്യൂട്ടേഷനും ദേശത്തെ സാക്ഷ്യവുമൊക്കെയാണ് നിങ്ങളുടെ പ്രശ്നം.. അല്ലേ..? അല്ലാതെ ആത്മാക്കളുടെ രക്ഷയോ സമാധാനമോ ഒന്നുമല്ലല്ലോ. ഗീവർച്ചാന്റെ ഗോഡൗണിലേക്ക് ടാക്സ് വെട്ടിച്ച് സാധനം കടത്തിയതിന് എത്ര ലക്ഷം രൂപയാണ് സെയിൽസ് ടാക്സിൽ ഫൈനടച്ചത്..? എത്ര രൂപ കൈക്കൂലി കൊടുക്കേണ്ടിവന്നു ആദർശധീരനായ നിങ്ങൾക്ക് ആ കേസു തീർക്കാൻ..?അതോ അതാണോ നിങ്ങളുടെയൊക്കെ റെപ്യൂട്ടേഷൻ...?"

ഗീവർഗീസിന്റെ മുഖത്തെ രക്തമയം നിമിഷാർദ്ധം കൊണ്ട് ഇല്ലാതായി. തൊണ്ടയുണങ്ങിപ്പോയെങ്കിലും അയാൾ ചോദിച്ചു.

"ചുമ്മാ ഇല്ലാത്ത കഥയൊന്നുമുണ്ടാക്കരുത്..."

"ഇല്ലാത്തതൊന്നുമല്ല, പോലീസ് റേക്കോഡ്സിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. കാണണോ..?"

മൂവരും കണ്ണിൽ കണ്ണിൽ നോക്കി. ഇത്തവണ അനുരഞ്ജനത്തിനു വന്നത്.

"അല്ല ജോൺസേ, ബിസിനസ്സാവുമ്പോ അങ്ങനെയൊക്കെ ചിലതു പതിവാ..."

"ഓഹോ... അതു ശരി, ബിജുച്ചാന്റെ ഭാര്യ എൽസിമ്മാമ്മേ പണ്ട് കുമരകത്ത് ഹൗസ്ബോട്ടിൽ നിന്നും പിടികൂടിയത് അത്ര വല്യ ഇഷ്യൂ ഒന്നുമല്ലായിരിക്കും അല്ലേ..? ഇതാണോ കുറച്ചുമുമ്പ് നിങ്ങൾ പറഞ്ഞ ദേശത്തെ സാക്ഷ്യവും മറ്റും..?"

ബിജു അടികൊണ്ടതു പോലെ ഒന്നു പുളഞ്ഞു. പെട്ടെന്നു തന്നെ പാസ്റ്റർ ഇടപെട്ടു

"ജോൺസേ, മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കാൻ നടക്കാതെ... ഇതൊക്കെ പുറത്തുപറഞ്ഞാൽ അതിന്റെ നാണക്കേട് ആർക്കാ..?"

"നാണക്കേടോർത്തിട്ടു തന്നെയാ പാസ്റ്ററേ ഞാനും ഇതുവരെ മിണ്ടാതിരുന്നത്. പാസ്റ്ററുടെ മോൾ നഴ്സിങ്ങിനു പഠിക്കുമ്പോൾ ഒരു സസ്പെൻഷൻ സമ്പാദിച്ചിരുന്നു, ഫാർമസിയിൽ നിന്നും കുറച്ചു മരുന്ന് അടിച്ചുമാറ്റിയതിന്. മരുന്നെന്നു പറയുമ്പോൾ പാരസെറ്റമോളോ, ജെലൂസിലോ ഒന്നുമല്ല ഐറ്റം... ഡയസെപാം, നൈട്രാസെപാം ടാബ്ലെറ്റുകൾ, പിന്നെ പെതഡിൻ എന്നു പേരുള്ള ചെറിയ... കുറെ ആംപ്യൂൾസ്... രുചിനോക്കാൻ എടുത്തതാവും അല്ലേ..?"

പാസ്റ്ററുടെ മുഖത്ത് വിയർപ്പുമണികൾ പൊടിഞ്ഞു. ബിജുവും ഗീവർഗീസും മെല്ലെ സ്ഥലം വിടാനൊരുങ്ങി. പോകുകയാണെന്ന് ആംഗ്യം കാണിച്ച് അവർ ഇറങ്ങി. പാസ്റ്റർ ഒറ്റപ്പെട്ടവനെപ്പോലെ തന്റെ മുന്നിൽ നിന്നു.

"എന്തിനാ പാസ്റ്ററേ വെറുതെ മറ്റുള്ളവരെ പറഞ്ഞ് സ്വയം നാറുന്നത്..? എന്തായാലും വിന്നി ഇന്നൊരു മടങ്ങിവരവിന്റെ പാതയിലാണ്. ചെയ്ത തെറ്റിനെക്കുറിച്ചുള്ള ബോധ്യം അവൾക്കുണ്ട്... ദൈവസന്നിധിയിൽ അവൾ തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞെങ്കിൽ, കർത്താവ് അത് ക്ഷമിച്ചെങ്കിൽ അവളെ തള്ളിപ്പറയുന്ന നിങ്ങളാവും ഏറ്റവും നികൃഷ്ടരായ മനുഷ്യർ. ഞാനവളെ കൈവിടില്ല, അപ്പനും അമ്മയും പെട്ടെന്നങ്ങു പോയതിൽ പിന്നെ ഞാനൊറ്റയ്ക്കാണ്, എനിക്കൊരു കൂട്ട് ആവശ്യമെങ്കിൽ അത് എന്നെ അറിയാവുന്ന ആൾ തന്നെയാവുന്നതല്ലേ നല്ലത്..? അതുകൊണ്ട് അവളുടെ അഭിപ്രായമറിഞ്ഞിട്ട് ഞങ്ങൾ ചിലതു തീരുമാനിക്കാൻ പോകുന്നു... ചെയ്തുതന്ന ഉപകാരങ്ങൾക്കു നന്ദി. കർത്താവ് അനുഗ്രഹിക്കട്ടെ..."

തിരിഞ്ഞു ഗേറ്റിനു നേരെ നടക്കുമ്പോൾ തന്നെയും കാത്തെന്നപോലെ നിറമിഴികളുമായി വിന്നി അവിടെ നിൽപ്പുണ്ടായിരുന്നു.

"വാ,... നമുക്കു പോകാം..."

## പാപം ചെയ്യാത്തവരുടെ കല്ലുകൾ

അവൾ കാറിലേക്ക് കയറി. പിന്നെയും രണ്ടു സഹസ്രാബ്ദങ്ങൾക്കു പിന്നിലേക്ക് മനസ്സ് പോയി. ശിക്ഷവിധിക്കാൻ തയ്യാറായി നിൽക്കുന്ന ഒരുകൂട്ടം ജനത്തിനു നടുവിൽ ഗുരുവും അവളും. ഗുരു നിലത്ത് എഴുതിക്കൊണ്ടിരുന്നു. ഒടുവിൽ അവളുടെ വിധിപറയേണ്ടുന്ന ഊഴം.

"നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ ആദ്യം കല്ലെറിയട്ടെ..."

നിശ്ശബ്ദത... പല വലുപ്പത്തിലുള്ള കല്ലുകൾ താഴെവീഴുന്ന ശബ്ദം.

"ഞാനും നിനക്ക് ശിക്ഷവിധിക്കുന്നില്ല, പൊയ്ക്കൊള്ളുക ഇനി പാപം ചെയ്യരുത്..."


അടക്കിപ്പിടിച്ചൊരു തേങ്ങൽ കേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. അവൾ കരയുകയാണ്.

"ഏയ്... എന്താ വിന്നീ, എന്തുപറ്റി..?"

"എന്തിനാ ജോണീ...? എന്തിനാ എന്നെ എല്ലാമറിഞ്ഞിട്ടും ഇങ്ങനെ സ്നേഹിക്കുന്നത്..?"

ഒരു ചിരിയായിരുന്നു തന്റെ മറുപടി. ആ ചിരിക്ക് അവളുടെ ആയുസ്സിന്റെ മുഴുവൻ ദുഃഖവും മറക്കാൻ പ്രേരകമായൊരു ശക്തിയുണ്ടായിരുന്നെന്ന് അവൾ പിന്നീട് പറഞ്ഞിട്ടുണ്ട്.

നേരം പോയതറിഞ്ഞില്ല. വിന്നി ആ കെട്ടിടത്തിന്റെ മുന്നിലങ്ങനെ നിൽക്കുകയാണ്. ഇരുളടഞ്ഞ അതിന്റെ കോണുകളിലെന്നോ ഒടുങ്ങിപ്പോകേണ്ടിയിരുന്ന ജന്മം തിരികെത്തന്ന ദൈവത്തിനു നന്ദി പറയുമ്പോഴും നിലത്തെഴുതിക്കൊണ്ടിരുന്ന പരമഗുരുവിന്റെ രൂപമാണവളുടെ മനസ്സിൽ തെളിഞ്ഞത്. ആ ഗുരുവിന് ജോൺസിന്റെ മുഖമാണെന്ന് അവൾക്ക് തോന്നി. എറിയാനായി ഒരായിരം കരങ്ങൾ കല്ലുകളുമായി തനിക്കുനേരെ ഉയർന്നപ്പോൾ തന്റെ ജീവനെയും ജീവിതത്തെയും വീണ്ടെടുക്കാൻ ദൈവീകനിയോഗത്താൽ വന്നുചേർന്നതായിരുന്നില്ലേ ജോൺസ്..?



"മമ്മീ... വാ നമുക്ക് വീട്ടിൽ പോകാം..."

കാറിന്റെ പിന്നിലെ സീറ്റിൽ നിന്നും ആറുവയസ്സുകാരി സാഷയുടെ വിളി. വിന്നി കാറിലേക്ക് കയറിയതും സാഷയുടെ ചോദ്യം വന്നു.

"മമ്മി എന്തിനാ നമ്മൾ ഇവിടെ വരുന്നത്..?"

അതിനു മറുപടിയായി അവൾ സാഷയ്ക്കൊരു കഥപറഞ്ഞുകൊടുത്തു; പാപിനിയായ സ്ത്രീയുടെയും, ഗുരുവിന്റെയും, അവളെ ശിക്ഷിക്കാനായി പാഞ്ഞടുത്ത സമൂഹത്തിന്റെയും കഥ. കഥ കേട്ട് പുഞ്ചിരിച്ചുകൊണ്ട് ജോൺസ് കാർ സ്റ്റാർട്ട് ചെയ്തു. നഗരത്തിരക്കുകളിലേക്ക് ആ വാഹനവും കുടുംബവും അലിഞ്ഞുചേർന്നു..